നം - എൻ2/22494/13/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.17.05.2013

## സർക്കുലർ

വിഷയം- പൊതുവിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (സി.എസ്സ്.എസ്സ്75:25)- അപേക്ഷയോടൊപ്പം റവന്യൂവകുപ്പിലെ വില്ലേജ് ഓഫീസുകളിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത്- സംബന്ധിച്ച്.

സൂചന- കേരളസർക്കാർ കത്ത് നം. 11211/എൻ1/2013/പൊ.വി.വ തീയതി. 15.03.2013

ന്യൂനപക്ഷവിഭാഗങ്ങളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരായവരും, ഒരു ലക്ഷം രൂപ വരെ വാർഷികവരുമാനമുള്ള കുടുംബങ്ങളിൽപ്പെടുന്നവരുമായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1000/- രൂപാ നിരക്കിൽ നൽകുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2008 മുതൽ കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കിവരുകയാണ്. ടി പദ്ധതിപ്രകാരം അർഹതനേടുന്നതിന് വിദ്യാർത്ഥികൾ ഹാജരാക്കുന്ന അപേക്ഷയോടൊപ്പം വാർഷികവരുമാനം തെളിയിക്കുന്നതിന്, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന രക്ഷകർത്താക്കൾ വെള്ളപേപ്പറിൽ സ്വയം തയ്യാറാക്കുന്ന സത്യവാങ്മൂലവും, മറ്റുള്ളവർ തൊഴിൽ ദാതാവ് അനുവദിക്കുന്ന വരുമാനസർട്ടിഫിക്കറ്റും ഹാജരാക്കണമെന്നതായിരുന്നു നിലവിലുായിരുന്ന വ്യവസ്ഥ. എന്നാൽ സമ്പന്നരായ രക്ഷകർത്താക്കൾ വരുമാനം കുറച്ച് കാണിച്ച് സ്കോളർഷിപ്പ് തുക തട്ടിയെടുക്കുന്നു എന്നും, അർഹരായവരും യഥാർത്ഥത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നില്ലായെന്നുമുള്ള പരാതികൾ പരിഗണിച്ച് സർക്കാർ സൂചന പ്രകാരം 2013-14 മുതൽ റവന്യൂവകുപ്പ് നൽകുന്ന വാർഷികവരുമാനസർട്ടിഫിക്കറ്റ് കൂടെ അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ 2013-14 ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം റവന്യൂവകുപ്പിലെ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച വരുമാനസർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന നിർബന്ധമാക്കി ഇതിനാൽ ഉത്തരവ് പ ുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് -
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ സ്കൂളധികാരികൾക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
   സർക്കുലറിലെ വിവരം സ്കൂൾ അസംബ്ലി മുഖേന എല്ലാ വിദ്യാർത്ഥികളുടെയും അറിവിനായി നൽകുവാൻ സ്കൂളധികാരികൾ പ്രത്യേകം ശ്രദ്ധിക്കേതാണ്.
5. സ്റ്റോക്ക് ഫയൽ.